# MODEL EXAMINATION – FEB-2018

**Mark :80**

## SOCIAL SCIENCE

**Time : 2 ½ hr**

## PART- A

5X1=5

1. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗം ..................... എന്നറിയപ്പെടുന്നു?
2. രാഷ്ട്ര തന്ത്ര ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?
3. ഇന്ത്യയിലെ മുഖ്യതാപോർജ സ്രോതസ് ഏതാണ്?
4. ഇന്ത്യയുടെ കേന്ദ്ര ബാങ്ക് ഏതാണ്? ഇതിന്റെ ആസ്ഥാനം എവിടെയാണ്?
5. ഉപഭോക്തൃ വിദ്യാഭ്യാസത്തിന് പ്രയോജനപ്പെടുത്താൻ സാധിക്കുന്ന ര് മാർഗങ്ങൾ എഴുതുക?

5x3=15

6. അഗസ്ത് കോംതെയെ സമൂഹ ശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നു എന്ത് കൊ് ?
7. വാണിജ്യബാങ്കുകൾ സ്വീകരിക്കുന്ന ര് തരം നിക്ഷേപങ്ങളാണ് സമ്പാദ്യ നിക്ഷേപവും സ്ഥിര നിക്ഷേപവും. ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്?
8. രാഷ്ട്ര തന്ത്ര ശാസ്ത്രം എന്നാൽ എന്ത്? ഇന്നത്തെ സമൂഹത്തിൽ ഈ പഠന ശാഖയുടെ പ്രാധാന്യം വ്യക്തമാക്കുക?
9. ഇന്ത്യയിലെ കാർഷിക വിളകളായ ഗോതമ്പ്, ചോളം എന്നിവയുടെ വളർച്ചക്കാവശ്യമായ ഭൂമി ശാസ്ത്രഘടകങ്ങൾ എന്തെല്ലാം?
10. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ ഏതെല്ലാം?

5x4=20

11. ദാദാഭായ് നവറോജിയുടെ ചോർച്ചാ സിദ്ധാന്തം അനുസരിച്ച് ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേക്ക് ചോരുന്നത് ഏതൊക്കെ രീതിയിലാണ് ?
12. ഇന്ത്യയുടെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുക?
    1. ഹിമാലയത്തിന്റെ ഏറ്റവും ഉയരം കൂടിയ ഭാഗം
    2. ഇന്ത്യയിൽ ഏറ്റവും അധികം ചൂട് അനുഭവപ്പെടുന്ന പ്രദേശം.
    3. ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.
    4. അറബിക്കടലിനും പശ്ചിമ ഘട്ടത്തിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഭൂഭാഗം.
    5. ഉത്തര മഹാസമതലത്തെ ഇന്ത്യയുടെ ഭക്ഷ്യകലവറ എന്ന് വിളിക്കുന്നു. എന്ത് കൊ്?

13. സഞ്ചാര സ്വാതന്ത്ര്യത്തിനും ആരാധനാ സ്വാതന്ത്ര്യത്തിനും വേ കേരളത്തിൽ നടന്ന സമരങ്ങളെ കുറിച്ച് വിവരണം തയ്യാറാക്കുക?

14. എ. കോളത്തിന് അനുയോജ്യമായവ ബി.സി. കോളങ്ങളിൽ നിന്നും തിരഞ്ഞെടുത്തെഴുതുക?

| എ | ബി | സി |
|---|---|---|
| റിപബ്ലിക്കൻ ആർമി | ജയപ്രകാശ് നാരായണൻ | ഇന്ത്യൻ നാഷണൽ ആർമി |
| ഫോർവേഡ് ബ്ലോക്ക് | ജവഹർ ലാൽ നെഹ്റു | ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപബ്ലിക്കൻ അസോസിയേഷൻ |
| പൂർണ സ്വരാജ് | ഭഗത് സിംഗ് | 1934 |
| കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | സുഭാഷ് ചന്ദ്ര ബോസ് | 1929 |

15. താഴെ നൽകിയ വിവരങ്ങൾ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.

1. തെക്കെ ഇന്ത്യയിലെ വിശാലമായ പീഠഭൂമി.
2. ഒറീസയിലെ പ്രധാന തുറമുഖം.
3. മൈക്കലാ നിരകളിൽ നിന്ന് ഉൽഭവിച്ച് പടിഞ്ഞോറോട്ട് ഒഴുകുന്ന നദി.
4. മാൾവാ പീഠഭൂമിയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള പർവ്വത നിര.

## PART – B

16. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ വർത്തമാന പത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക? (3)

അല്ലെങ്കിൽ

പഞ്ചവൽസര പദ്ധതികൾ ഇന്ത്യയുടെ സാമ്പത്തിക വികസനത്തെ സഹായിച്ചതെങ്ങനെ?

17. താഴെ നൽകിയവയിൽ ഏതെങ്കിലും രണ്ണെത്തിനെ കുറിച്ച് കുറിപ്പെഴുതുക? (3)

1. അച്ചുതിന്റെ സമാന്തരത. 2. സൂര്യന്റെ അയനം. 3. വിഷുവങ്ങൾ.

അല്ലെങ്കിൽ

എന്താണ് കാറ്റ്? കാറ്റിന്റെ ദിശയേയും വേഗതയേയും സ്വാധീനുക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

18. ഇന്ത്യയുടെ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങൾ എന്തൊക്കെയാണ്? (3)

അല്ലെങ്കിൽ

വിദ്യാഭ്യാസ രംഗത്തെ ബ്രിട്ടീഷുകാരുടെ ഇടപെടൽ ഇന്ത്യക്കാരിൽ ഐക്യബോധം സൃഷ്ടിച്ചതെങ്ങനെ?

19. ധരാതലീയ ഭൂപടങ്ങളിലെ ഈസ്റ്റിംഗ്സ് , നോർത്തിംഗ്സ് എന്നിവയുടെ സവിശേഷതകൾ ഉൾപെടുത്തി കുറിപ്പെഴുതുക? (4)

അല്ലെങ്കിൽ

സ്പെക്ട്രൽ സിഗ്നേച്ചർ, സ്പേഷ്യൽ റസല്യൂഷൻ എന്നിവ ഉദാഹരണ സഹിതം വിശദമാക്കുക.

20. ഇന്ത്യൻ സിവിൽ സർവീസിന്റെ വർഗീകരണം കാണിക്കുന്ന ചാർട്ട് തയ്യാറാക്കുക? (4)

അല്ലെങ്കിൽ

ആധുനിക കാലത്ത് പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എഴുതുക?

21. എന്താണ് ജനസംഖ്യാ കണക്കെടുപ്പ് എന്നറിയപ്പെടുന്നത്? ജനസംഖ്യാ പഠനം നടത്തുന്നതിന്റെ പ്രാധാന്യം എന്താണ്? (4)

അല്ലെങ്കിൽ

ചുവടെ നൽകിയ നികുതികളെ ഉചിതമായ രീതിയിൽ പട്ടികപ്പെടുത്തുക.

| കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | തദ്ദേശ സ്വയംഭരണ സർക്കാറുകൾ |
|---|---|---|
| | | |

* വിനോദ നികുതി   * മൂല്യവർധിത നികുതി   * വ്യക്തിഗത ആദായ നികുതി

* കോർപറേറ്റ് നികുതി   * സ്റ്റാമ്പ് ഡ്യൂട്ടി   * ഭൂ നികുതി   * തൊഴിൽ നികുതി

22. വിവരാവകാശ കമ്മീഷന്റെ ഘടന വ്യക്തമാക്കുക? വിവരാവകാക നിയമം പ്രാബല്യ ത്തിൽ വന്നതോടെ സമൂഹത്തിനുായ നേട്ടങ്ങൾ എന്തെല്ലാം? (4)

അല്ലെങ്കിൽ

പൗര ബോധത്തിന്റെ രൂപീകരണത്തിന് സാമൂഹ്യ ശാസ്ത്ര പഠനത്തെ എങ്ങിനെയെല്ലാം പ്രയോജനപ്പെടുത്താം.

23. താഴെ നൽകുന്ന പൈഡയഗ്രം വിശകലനം ചെയ്ത് നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്ത രമെഴുതുക?




1. കേന്ദ്ര സർക്കാരിന് ഏറ്റവും അധികം വരുമാനം ലഭിക്കുന്നത് ഏത് നികുതിയിൽ നിന്ന്?
2. സേവന നികുതിയിൽ നിന്ന് ഏത്രകോടി രൂപ ലഭിക്കുന്നു?
3. കേന്ദ്ര സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന നികുതിയേതര മാർഗമേ താണ്?
4. നികുതി വരുമാനമാണോ നികുതിയേതര വരുമാനമാണോ കേന്ദ്ര സർക്കാന് കൂടുതൽ വരുമാനം നൽകുന്ന സ്രോതസ്സ്?

അല്ലെങ്കിൽ

മാനവ വിഭവ ശേഷി മെച്ചപ്പെടുത്തുന്നത് കൊുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

24. മാവോസെതുംഗിന്റെ നേതൃത്വത്തിൽ ചൈന ജനകീയ റിപബ്ലിക്കായി മാറിയ തെങ്ങനെയെന്ന് വിശദീകരിക്കുക? (6)

അല്ലെങ്കിൽ

ഫാസിസത്തിന്റെ ജർമൻ പതിപ്പായിരുന്നു നാസിസം. സമർത്ഥിക്കുക?

25. സൂര്യന്റെ അയനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുക? (5)

1. മാർച്ച് 21 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം എവിടെയാണ്?

2. ജൂൺ 21ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം എവിടെയാണ്?

3. ഡിസംബർ 22 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം എവിടെയാണ്?

4. ഡിസംബർ 22 മുതൽ മാർച്ച് 21 വരെ സൂര്യന്റെ അയനം എവിടെ നിന്നും എവിടേക്കാണ്?

ഈ കാലയളവിൽ ഇരു അർധഗോളങ്ങളിലും അനുഭവപ്പെടുന്ന ഋതുക്കൾ ഏതൊക്കെയാണ്?

അല്ലെങ്കിൽ

കാലിക വാതങ്ങൾക്ക് ഉദാഹരണമായ മൺസൂൺ കാറ്റുകളെ കുറിച്ച് വിവരിക്കുക?